(എ) കൊപ്രായുടെയും വെളിച്ചെണ്ണയുടെയും ഇറക്കുമതിച്ചുങ്കത്തിൽ കേന്ദ്രഗവണ്മെൻറ വരുത്തിയ കുറവുമൂലം നമ്മുടെ കേരകർഷകർക്കു നേരിട്ടുന്ന ബുദ്ധിമുട്ടുകളെക്കുറിച്ചു് സംസ്ഥാന ഗവണ്മെൻറ നടത്തിയ നിവേദനത്തിനു ലഭിച്ച മറുപടി എന്തു്;

(ബി) നാളികേരത്തിൻെറ വിലയിടിവിനു കാരണമാക്കിയ കേന്ദ്രഗവണ്മെൻറിൻെറ ഇറക്കുമതി നയത്തിനെതിരായി എന്തെങ്കിലും പ്രതിഷേധം നടപ്പിലാക്കുവാൻ ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇന്നത്തെ നിലയിലുള്ള നാളികേരവിലയിടിവുകൊണ്ടു നമുക്കു് ഈയാണ്ടിൽ വരാവുന്ന മൊത്തം നഷ്ടത്തിൻെറ കണക്കെടുക്കുവാൻ കഴിയുമോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) സംഗതി ഇപ്പോഴും എഴുത്തുകുത്തിൽ ഇരിക്കുകയാണു്.

(ബി) ഇറക്കുമതി തീരുവ കേന്ദ്രഗവണ്മെൻറിൻെറ നിയന്ത്രണത്തിലായതുകൊണ്ടു് സംസ്ഥാനഗവണ്മെൻറിനു അതിൽ യാതൊന്നും ചെയ്യാവുന്നതല്ല.

(സി) നാളികേരത്തിൻെറ വില നിരക്കുതന്നെ ദിവസംപ്രതി വ്യത്യസ്തം ആയതുകൊണ്ടു് വരാവുന്ന നഷ്ടത്തിൻെറ കണക്കെടുക്കാൻ സാദ്ധ്യമല്ല.

സ്റ്റാക്കു് ചെയ്യുന്ന വളത്തിൽ കുറവു്.

*൫൦. [൭൫] ശ്രീ. കെ. കെ. കുമാരപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവണ്മെൻറ ഡിപ്പോകളിൽ സ്റ്റാക്കു ചെയ്യുന്ന വളത്തിനു് കുറവു് (Shortage) വകവച്ചുകൊടുക്കുന്നുണ്ടോ;

(ബി) അതേറേറിൽ തന്നെയാണോ എജൻസി ഡിപ്പോകൾക്കും ഷോർട്ടേജു് വകവച്ചുകൊടുക്കുന്നതു്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഉണ്ടു്.

(ബി) എജൻസി ഡിപ്പോകളിൽ സ്റ്റാക്കു ചെയ്യുന്ന വളത്തിനു കുറവു വകവച്ചുകൊടുക്കാറില്ല.

Integration of Services.

*51. [75] **Shri M. William :** Will the Chief Minister be pleased to state :

(*a*) whether the integration of services in Travancore and Cochin area has been completed ;

(*b*) whether the Committee appointed to fix the grade and seniority of the Officers of the various Departments, have completed their work ; and

LIBRARY ARCHIVES Kerala Legislative Assembly